■

**അനുസ്മരണം**

# എ.കെ അബ്ദുൽ ഖാദർ മാട്ടൂൽ



**മാട്ടൂലിലെ** പ്രസ്ഥാന പ്രവർത്തകർക്ക് മാത്രമല്ല, ഉത്തര കേരളത്തിലെ പ്രാസ്ഥാനിക വൃത്തത്തിൽ തന്നെ നികത്താനാവാത്ത വിടവ് സൃഷ്ടിച്ചുകൊണ്ടാണ് ഞങ്ങളുടെ വന്ദ്യപിതാവ് മാട്ടൂൽ നോർത്തിലെ ജമാഅത്ത് അംഗം എ.കെ അബ്ദുൽ ഖാദർ സാഹിബ് അല്ലാഹുവിലേക്ക് യാത്രയായത്. 'ഇണയെ തെരഞ്ഞെടുക്കുമ്പോൾ ദീനിന് മുൻഗണന നൽകുക' എന്ന നബി വചനം സ്വന്തം കാര്യത്തിലാവുമ്പോൾ പാഴ്‌വാക്കായി മാറുന്ന സമൂഹത്തിലാണ് പണത്തിലും പദവിയിലും കേളി കേട്ട തറവാട്ടിൽ പിറന്ന അദ്ദേഹം തന്റെ ഏക മകൾക്ക് വേണ്ടി ദീൻ മാത്രം നോക്കി ഒരു നവമുസ്‌ലിമിനെ ഇണയായി തെരഞ്ഞെടുക്കുന്നത്. ഇതിന്റെ പേരിൽ പിണങ്ങിയവരുടെ 'ആഢ്യത്വ'ത്തോട് അദ്ദേഹം സ്വതസിദ്ധമായ സൗമ്യതയോടെ പ്രതികരിച്ചു. ബന്ധം മുറിച്ചവരോട് അങ്ങോട്ട് ബന്ധം ചേർത്തു. ദീൻ ഗുണകാംക്ഷയാണെന്നും ദീൻ തന്നെയാണ് ജീവിതം എന്നും മനസാ വാചാ കർമണാ തെളിയിച്ച ലക്ഷണമൊത്ത ആദർശ വ്യക്തിത്വമായിരുന്നു അദ്ദേഹം. തീരുമാനങ്ങളിൽ മനോദാർഢ്യം, നന്മയിൽ വിട്ടുവീഴ്ച, അനീതികളോട് കടുത്ത വിരോധം എന്നിവ അദ്ദേഹത്തിന്റെ സ്വഭാവ വിശേഷങ്ങളായിരുന്നു. വാർധക്യവും രോഗവും ശരീരത്തിൽ അവശത തീർത്തപ്പോഴും പ്രാസ്ഥാനിക പ്രവർത്തനങ്ങളും ആരാധനാ കാര്യങ്ങളും മുടങ്ങാതിരിക്കാൻ അതീവ ശുഷ്കാന്തി പുലർത്തി. അവസാന നാളുകളിൽ രോഗശയ്യയിലായിരുന്നപ്പോൾ പ്രസ്ഥാനത്തിന്റെ തെരഞ്ഞെടുപ്പ് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാവാൻ കഴിയാത്ത ദുഃഖമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്.

ഭാര്യ, മക്കൾ, പേരക്കുട്ടികൾ എല്ലാം അടങ്ങുന്ന ഒരു പ്രാസ്ഥാനിക കൂട്ടായ്മ നാട്ടിൽതന്നെ ഒരു പുതുമയുള്ള കാര്യമായിരുന്നു. ഈ കൂട്ടായ്മകളിൽ കുടുംബനാഥനായല്ല, നല്ലൊരു സഹപ്രവർത്തകനായി അദ്ദേഹം അവർക്കൊപ്പം നിന്നു. കൊച്ചു കൊച്ചു കാര്യങ്ങൾ പോലും ഞങ്ങൾ മക്കൾ അദ്ദേഹത്തോട് ചർച്ച ചെയ്തിരുന്നു. നാട്ടിലുള്ള ചെറുപ്പക്കാരായ പ്രസ്ഥാന പ്രവർത്തകർക്ക് അദ്ദേഹം 'ജനകീയ ഉപ്പാപ്പ' ആയിരുന്നു.

എല്ലാം തികഞ്ഞ മാതൃകാ ദമ്പതികളായിരുന്നു ഞങ്ങൾക്ക് ഉപ്പയും ഉമ്മയും. ഉപ്പയില്ലാത്ത ഉമ്മയെ ഞങ്ങൾക്ക് സങ്കൽപിക്കാൻ പോലും കഴിയില്ല. രോഗം കൊണ്ട് തീരെ അവശനാകുന്ന ഉപ്പയുടെ കൂടെ ഒരു നിഴൽ പോലെ ഉമ്മ എപ്പോഴും ഉണ്ടാവുമായിരുന്നു. ഉപ്പയുടെ ശക്തിയും ദൗർബല്യവുമായിരുന്നു ഉമ്മ. വർഷങ്ങളായി ഉപ്പാക്കുണ്ടാകുന്ന ശരീരവേദനയിലും ഉറക്കമില്ലായ്മയിലും അതിനേക്കാൾ മനോവേദന സഹിച്ചും ഉറക്കമൊഴിച്ചും പരിചരിച്ച ഉമ്മയെ കുറിച്ചാണ് അവസാന നാളുകളിൽ ഉപ്പ വാചാലനായത്.

കരുണാവാരിധിയായ അല്ലാഹു അദ്ദേഹത്തിനു മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ. ഖബ്റിലെയും നരകത്തിലെയും ശിക്ഷയിൽനിന്ന് അല്ലാഹു അദ്ദേഹത്തെ കാത്തുരക്ഷിക്കുമാറാകട്ടെ- ആമീൻ.

**സാലിമ മാട്ടൂൽ**

---

# ഡോ. പി. ആലിക്കുട്ടി



**എടരിക്കോട്** ജ.ഇ കാർകുൻ ഹൽഖ അംഗവും എ.എം.എ.ഐ മുൻ ജില്ലാ പ്രസിഡന്റുമായിരുന്ന ഡോ. പി. ആലിക്കുട്ടി സാഹിബ് അല്ലാഹുവിലേക്ക് യാത്രയായി.

ജന്മനാടായ പറപ്പൂരിൽവെച്ചാണ് ജമാഅത്തെ ഇസ്‌ലാമിയുമായി അദ്ദേഹം ബന്ധപ്പെടുന്നത്. പിന്നീട് എടരിക്കോട് ഇസ്‌ലാമിക് സ്റ്റഡി സർക്കിൾ രൂപവത്കരിച്ചപ്പോൾ അദ്ദേഹം അതിന്റെ പ്രസിഡന്റായി. ഇസ്‌ലാമിക് സർവീസ് അസോസിയേഷന്റെയും എടരിക്കോട് പലിശ രഹിത നിധിയുടെയും പ്രസിഡന്റായിസേവനമനുഷ്ഠിച്ചു.

ജനസേവകനും ധർമിഷ്ഠനുമായ അദ്ദേഹം ഈയിടെ സോളിഡാരിറ്റി ഒരു നിർധന കുടുംബത്തിന്റെ വീടുനിർമാണം ഏറ്റെടുത്തപ്പോൾ അതിന് ഒന്നരലക്ഷം രൂപ നൽകിയിരുന്നു.

ഭാര്യ: ഖൈറുന്നിസ. മക്കൾ: ഡോ. അബ്ദുൽഗഫൂർ(അജ്മാൻ), മുഹമ്മദ് ഇഖ്ബാൽ(എഞ്ചിനീയർ, അജ്മാൻ), ഡോ. റഹ്മത്തുല്ല (ചീഫ് ഫിസിഷ്യൻ കോട്ടക്കൽ ആയുർവേദ നഴ്സിംഗ് ഹോം), ഡോ. സിബ്ഗത്തുല്ല പടപ്പറമ്പ്, അൻവർ സാദത്ത് ബഹ്റൈൻ.

**എൻ. യൂസുഫ് മാസ്റ്റർ എടരിക്കോട്**

# കെ.എ മുഹമ്മദലി

**പാനായിക്കുളം** കാർകുൻ ഹൽഖയിലെ സജീവ പ്രവർത്തകനായിരുന്നു കക്കാട്ട് കെ.എ മുഹമ്മദലി സാഹിബ്(65). പ്രവാസ ജീവിതകാലത്താണ് ഇസ്‌ലാമിക പ്രസ്ഥാനവുമായി അടുത്ത് ബന്ധപ്പെടുന്നത്. ദീർഘകാലം പാനായിക്കുളം ഹൽഖാ സെക്രട്ടറിയായിരുന്നു. പ്രസ്ഥാന പരിപാടികളിലും മഹല്ലിന്റെ പൊതുസംരംഭങ്ങളിലും പ്രായത്തെ അവഗണിച്ച് എന്നും മുൻപന്തിയിൽ തന്നെ ഉണ്ടാകുമായിരുന്നു. ഭാര്യ സൈനബ. ജ.ഇ വനിതാ വിഭാഗം ഏരിയാ കൺവീനറാണ്. മക്കൾ: അറഫാത്ത്, ഹാഷിം (ഇരുവരും റാസൽ ഖൈമ), സുൽഫത്ത്.

**എം.വി അബ്ദുൽറഷീദ് പാനായിക്കുളം**

*പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ – ആമീൻ.*